# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 2

# വാർത്താക്കുറിപ്പ്

**ബിരുദ, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലെ പ്രവേശനത്തിന് ഇനിയും അവസരം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻഡ് സയൻസ് കോളജുകൾ നടത്തുന്ന വിവിധ ബിരുദ, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിൽ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് നവമ്പർ ആറ് വരെ രജിസ്റ്റർ ചെയ്യാനവസരം. ഇത്തരത്തിലുള്ള രജിസ്ട്രേഷൻ്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടിക പ്രകാരം സംവരണ - മെറിറ്റ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കോളജുകൾക്ക് നവമ്പർ 12 വരെ പ്രവേശനം നടത്താം. തുടർന്ന് വരുന്ന ഒഴിവുകളിലേയ്ക്ക് നവമ്പർ 15 മുതൽ 18 വരെ വീണ്ടും രജിസ്ട്രേഷൻ അനുവദിക്കും. അതിനു ശേഷം പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൻ്റെ അടിസ്ഥാനത്തിൽ നവമ്പർ 25 വരെ പ്രവേശനം നേടാം. പ്രവേശന നടപടികൾ നവമ്പർ 25 ന് പൂർത്തിയാക്കാനാണ് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുള്ളത്. ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടയിലേക്കും ഈ സമയക്രമമനുസരിച്ച് അപേക്ഷിക്കാം

(പി.ആർ.ഒ/39/1247/2021)

**സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി ആൻ്റ് ക്വാളിറ്റി അഷ്വറൻസ് നടത്തുന്ന എം.എസ് സി ഫുഡ് സയൻസ് ആൻ്റ് ടെക്നോളജി – 2021 ബാച്ചിൽ എസ്.സി വിഭാഗക്കാർക്കായുള്ള ഒരു സീറ്റിൽ ഒഴിവുണ്ട്. അർഹരായവർ അസ്സൽ സർട്ടിഫിക്കറ്റുകളും രേഖകളുമായി നവമ്പർ അഞ്ചിന് ഉച്ചതിരിഞ്ഞ് 3.30ന് മുമ്പ് എ ഡി എ - XI വിഭാഗത്തിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9497664697.

(പി.ആർ.ഒ/39/1248/2021)

**പരീക്ഷാ ഫലം**

2021 ഫെബ്രുവരിയിൽ നടന്ന ഒന്നാം വർഷ ബാച്ചിലർ ഓഫ് മെഡിക്കൽ റേഡിയൊളജിക്കൽ ടെക്നോളജി സപ്ലിമെൻ്ററി (2016 അഡ്മിഷൻ, 2016 ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കു മുള്ള അപേക്ഷകൾ നവമ്പർ 15ന് മുമ്പ് പരീക്ഷാ കൺട്രോളറുടെ ഓഫിസിൽ നൽകണം. അപേക്ഷാ ഫോറം സർവ്വകലാശാല സ്റ്റോറി ലും വെബ്സൈറ്റിലും ലഭിക്കും. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടക്കണം. മാർക്ക്ലിസ്റ്റുകളുടേയും ഹാൾ ടിക്കറ്റിൻ്റെയും പകർപ്പുകളും അപേക്ഷയോടൊപ്പം നൽകണം.

(പി.ആർ.ഒ/39/1249/2021)

**അപേക്ഷ തീയതി**

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം./ എം.സി.ജെ./ എം.എസ്.ഡബ്ല്യു/ എം.ടി.എ./ എം.എച്ച്.എം./ എം.എം.എച്ച്., എം.ടി.ടി.എം. .സി.എസ്.എസ്. - 2019 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ് പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ അഞ്ചുവരെയും 525 രൂപ പിഴയോടെ നവംബർ ആറ്,ഏഴ് തീയതികളിലും 1050 രൂപ സൂപ്പർഫൈനോടെ നവംബർ എട്ടിനും അപേക്ഷിക്കാം. വിദ്യാർഥികൾ അതത് കോളജുകൾ മുഖേനയാണ് ഫീസടക്കേണ്ടത്.

(പി.ആർ.ഒ/39/1250/2021)

## ഹ്രസ്വകാല കോഴ്സുകളിൽ പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസ് നടത്തുന്ന വിവിധ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് നവമ്പർ 30 ന് വൈകിട്ട് നാല് വരെ www.dasp.mgu.ac.in എന്ന വെബ് സൈറ്റ്

മുഖേന ഓൺലൈനായി അപേക്ഷിക്കാം. സയൻസ് വിഷയങ്ങളുടെ പ്രാക്ടിക്കൽ പേപ്പറുകൾ ഒഴികെയുള്ളവയ്ക്ക് നേരിട്ടും ഓൺലൈനായും ക്ലാസുകളിൽ പങ്കെടുക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും. കോഴ്സുകളുടെ സെമസ്റ്റർ പരീക്ഷകൾ സർവ്വകലാശാലാ കാമ്പസിലുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിലായിരിക്കും നടത്തുക. പുറത്തു നിന്നുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി പരീക്ഷയെഴുതാൻ മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തും.

ആറു മാസം ദൈർഘ്യമുള്ള ടാലി, എക്സെൽ എന്നിവ ഉപയോഗിച്ചുള്ള ബിസ്സനസ് ഡാറ്റാ അനാലിസിസ്, ഇൻറർനെറ്റ് പ്രോഗ്രാമിംഗ് ആൻറ് വെബ് ടെക്നോളജീസ്, വേസ്റ്റ് മാനേജ്മെൻറ് എന്നിവയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് വേണ്ട യോഗ്യത പ്ലസ് ടു ആണ്.

ബിരുദധാരികൾക്ക് ഫുഡ് അനാലിസിസ് ആൻറ് ക്വാളിറ്റി കൺട്രോൾ, ഇൻസ്ട്രുമെൻ്റൽ മെത്തേഡ്സ് ഓഫ് കെമിക്കൽ അനാലിസിസ്, നാനോ സയൻസ് ആൻ്റ് ടെക്നോളജി, ഇമോഷണൽ ഇൻറലിജൻസ് ഡവലപ്പ്മെൻ്റ് എന്നിവയിലുള്ള ആറു മാസത്തെ ബിരുദാനന്തര സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം.

കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആൻറ് ടാക്സേഷനിലുള്ള ഒരു വർഷത്തെ ഡിപ്ലോമാ കോഴ്സിന് പ്ലസ് -ടു യോഗ്യതയുള്ളവർക്കും

ഫുഡ് അനാലിസിസ് ആൻ്റ് ക്വാളിറ്റി കൺട്രോളിലുള്ള ഒരു വർഷത്തെ ബിരുദാനന്തര ഡിപ്ലോമയ്ക്ക് ബിരുദധാരികൾക്കും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1251/2021)

<u>ലേറ്റ് ഫീ ഇളവ്</u>

കോവിഡ്- 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ 2019 -20 അക്കാദമിക വർഷത്തെ ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികളുടെ മേൽ ചുമത്തിയിരുന്ന ലേറ്റ് ഫീ / പിഴ എന്നിവ ഒഴിവാക്കിക്കൊണ്ടുള്ള ഇളവ് നവമ്പർ 15 വരെ ദീർഘിപ്പിച്ചു കൊണ്ട് വൈസ് ചാൻസലർ ഉത്തരവായി. നേരത്തെ സെപ്റ്റംബർ 30 വരെയായിരുന്നു ഇളവ് അനുവദിച്ചിരുന്നത്.

(പി.ആർ.ഒ/39/1252/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ